# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

2014 ജനുവരി 30, വ്യാഴം

## കാര്യവിവരപ്പട്ടിക

**1. ചോദ്യങ്ങൾ :**

പ്രത്യേക ലിസ്റ്റിൽ കൊടുത്തിട്ടുള്ള ചോദ്യങ്ങൾ ചോദിക്കുകയും അവയ്ക്ക് മറുപടി പറയുകയും ചെയ്യുന്നതാണ്.

**2. ശ്രദ്ധക്ഷണിക്കൽ :**

(1) പൊതു ഖജനാവിലെ പണം വിനിയോഗിച്ച് നടപ്പിലാക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളിൽ പൊതുമേഖലാ സ്ഥാപനങ്ങളെ മദ്ധ്യവർത്തികളാക്കി നിയോഗിക്കുന്നതിലൂടെ പദ്ധതി നിർവ്വഹണ വിഹിതത്തിന്റെ നല്ലൊരു ശതമാനം തുക നഷ്ടപ്പെടുന്നത് തടയേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. കെ.ബി. ഗണേഷ് കുമാർ മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുന്നതാണ്.

(2) കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങളിലെ അപാകതയും യഥാസമയം ആനുകൂല്യങ്ങൾ ലഭ്യമാക്കാത്തതും സംബന്ധിച്ച് ശ്രീ. കെ. രാജു തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുന്നതാണ്.

**3. മേശപ്പുറത്തുവയ്ക്കുന്ന കടലാസുകൾ :**

ചട്ടം 47(2) അനുസരിച്ചുള്ള പ്രത്യേക ലിസ്റ്റ് പ്രകാരം

**4. റിപ്പോർട്ട് സമർപ്പണം :**

(1) ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രിയും സബ്ജക്ട് കമ്മിറ്റി IX –ന്റെ അദ്ധ്യക്ഷനുമായ ശ്രീ. കെ.സി. ജോസഫ് 2013 -ലെ കേരള മുനിസിപ്പാലിറ്റി (നാലാം ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നതാണ്.

(2) ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രിയും സബ്ജക്ട് കമ്മിറ്റി XI –ന്റെ അദ്ധ്യക്ഷനുമായ ശ്രീ. അനൂപ് ജേക്കബ് 2013 -ലെ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നതാണ്.

(3) പട്ടികജാതി – പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷൻ ശ്രീ. വി.പി. സജീന്ദ്രൻ സമിതിയുടെ എട്ട് മുതൽ പത്ത് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നതാണ്.

**5.** **ധനകാര്യം :**

2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളെയും 1990-91, 1992-93, 1995-96, 1996-97, 1997-98, 1998-99, 2000-01, 2001-02, 2003-04, 2006-07, 2008-09, 2009-10 സാമ്പത്തിക വർഷങ്ങളിലെ അധിക ധനാഭ്യർത്ഥനകളെയും സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും.

**6.** **ചട്ടം 130 അനുസരിച്ചുള്ള ഉപക്ഷേപം (ഒന്നര മണിക്കൂർ ചർച്ച)** :

കസ്തൂരിരംഗൻ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ജനങ്ങൾക്കിടയിൽ ഉയർന്നു വന്നിട്ടുള്ള ആശങ്കകൾ സഭ ചർച്ച ചെയ്യണമെന്ന ഉപക്ഷേപം ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിക്കുന്നതാണ്.

(ഉപക്ഷേപത്തിന്റെ പകർപ്പ് വിതരണം ചെയ്തിട്ടുണ്ട്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം,
2014 ജനുവരി, 29

പി.ഡി. ശാരംഗധരൻ,
സെക്രട്ടറി.

**THIRTEENTH KERALA LEGISLATIVE ASSEMBLY**

**Tenth Session**

Thursday, January 30, 2014

# LIST OF BUSINESS

**I. Questions:**

Questions entered in the separate list to be asked and answered.

**II. Calling Attention:**

(1) Shri. K.B. Ganesh Kumar to call the attention of the Chief Minister to the necessity to prevent the loss of a considerable percentage of amount in the share of project execution consequent on engaging Public Sector Enterprises as intermediaries for development activities funded from State Exchequer.

(2) Shri. K. Raju to call the attention of the Minister for Labour and Rehabilitation regarding the drawbacks in the functioning of Agricultural Workers Welfare Fund Board and to the non disbursement of benefits on time.

**III. Papers to be Laid :**

As per Separate List under Rule 47 (2)

**IV. Presentation of Reports :**

(1) Shri. K.C. Joseph, Minister for Rural Development, Planning, Culture and NORKA and Chairman, Subject Committee IX to present the Report of the Subject Committee on The Kerala Municipality (Fourth Amendment) Bill, 2013.

(2) Shri. Anoop Jacob, Minister for Food, Civil supplies, Consumer Protection and Registration & Chairman, Subject Committee XI to present the Report of the Subject Committee on The Kerala Co-operative Societies (Third Amendment) Bill, 2013.

(3) Shri. V.P. Sajeendran, Chairman, Committee on the Welfare of Scheduled Castes and Scheduled Tribes to present the Eighth to Tenth Reports of the Committee.

**V. Financial Business :**

Discussion and Voting on Supplementary Demands for Grants in the Budget for the year 2013-14 and Demands for Excess grants for the years 1990-91, 1992-93, 1995-96, 1996-97, 1997-98, 1998-99, 2000-01, 2001-02, 2003-04, 2006-07, 2008-09, 2009-10.

**VI. Motion Under Rule 130** :

(One and a half hour discussion)

Shri. Kodiyeri Balakrishnan to move the motion to raise a discussion regarding the apprehensions among the people of the State consequent on the decision to implement Kasturirangan Committee Report.

(Motion already circulated)

Secretariat of the Kerala Legislature,
Thiruvananthapuram,
January 29, 2014

P.D. Sarangadharan,
Secretary.